7/3/22

DESPATCHED
On. 24/3/22...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1477(2)/2017**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **11042**/എസ്.ഐ.സി-ജി 6/2017)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഇ.കെ. ഉദയഭാനു,
ഉഷസ്സ്, നങ്ങ്യാർകുളങ്ങര (പി.ഒ),
ആലപ്പുഴ,
പിൻ – 690 513.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
ചെങ്ങന്നൂർ (പി.ഒ),
ആലപ്പുഴ – 689 121.

2. അപ്പീൽ അധികാരി & റവന്യൂ ഡിവിഷണൽ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
ചെങ്ങന്നൂർ (പി.ഒ),
ആലപ്പുഴ – 689 121.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/05/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/06/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/07/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/08/2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/08/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16/08/2017 |
| ഹിയറിംഗ് നടന്ന തീയതി | 03/03/2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഇ.കെ. ഉദയഭാനു, 14/08/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 16/08/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1477(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 18/05/2017 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ചെങ്ങന്നൂർ എസ്.ഡി.എം കോടതിയിലെ എം.സി 135/92 നമ്പർ കേസ്സിൽ എസ്.ഡി.എം ശ്രീ. എ ഗോപകുമാറിന്റെ 17/11/2016 തീയതിയിലെ ഉത്തരവുമായി ബന്ധപ്പെട്ട നമ്പരുകളിൽ ആവശ്യപ്പെടുന്ന അസ്സൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ താഴെ പറയുന്ന വിവരങ്ങളാണ്:

1. എം.സി 135/92 നമ്പർ കേസിൽ 17/11/2016 തീയതി ഉത്തരവു ഇറക്കിയ എസ്.ഡി.എം ശ്രീ. എ. ഗോപകുമാറിന്റെ വീട്ടിലെ സ്ഥിര മേൽവിലാസവും
2. എം.സി 135/92 നമ്പർ കേസ്സിൽ എസ്.ഡി.എം ശ്രീ. എ. ഗോപകുമാറിന്റെ 17/11/2016 തീയതിയിലെ ഉത്തരവു പ്രകാരം റിസീവറായ ചിങ്ങോലി വില്ലേജ് ഓഫീസർ മഹസ്സർ തയ്യാറാക്കി നിയമാനുസൃതം ക്ഷേത്രവും ക്ഷേത്രത്തിലെ ആസ്തിവകകളും ചുമതല വിട്ടപ്പോൾ തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച മഹസ്സർ റിപ്പോർട്ടും
3. വില്ലേജ് ഓഫീസർ മഹസ്സർ റിപ്പോർട്ടിനോടൊപ്പം കോടതിയിൽ ഹാജരാക്കിയ അനുബന്ധരേഖകളും മറ്റും ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 15/06/2017-ന് ഹർജിക്കാരന് മറുപടി നൽകുകയും പ്രസ്തുത മറുപടിയ്ക്കെതിരെ ടിയാൻ 10/07/2017 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 25/08/2017-ന് മറുപടി നൽകിയിട്ടുണ്ട്.

4. 18/09/2018 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ടി ഓഫീസിലെ എം.സി 135/1992 നമ്പർ ഫയലിലെ വിവിധ റിക്കാർഡുകൾ ആവശ്യപ്പെട്ട വിവരാവകാശ നിയമ പ്രകാരം 18/05/2017 പ്രകാരം ടി ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ

സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷയിന്മേൽ 1 മുതൽ 3 വരെയുള്ള ചോദ്യങ്ങൾക്ക് 15/06/2017-ൽ പ്രകാരം മറുപടി നൽകുകയും ആവശ്യപ്പെട്ട റിക്കാർഡുകളുടെ പകർപ്പുകൾക്ക് തുക അടവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും, ടിയാൻ ഹാജരാകുകയോ തുക അടവാക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്നും എന്നാൽ 30 ദിവസം കഴിഞ്ഞിട്ടും ടിയാന് അറിയിപ്പ് നൽകുകയോ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെന്നു കാണിച്ച് 10/07/2017 പ്രകാരം ടി ഓഫീസിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും, ടി അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് 23/08/2017-ൽ ഹാജരാകണമെന്ന് കാണിച്ച് അപ്പീൽ കക്ഷിയ്ക്ക് 17/08/2017-ൽ ടി ഓഫീസിൽ നിന്നും നോട്ടീസ് നൽകുകയും 18/08/2017-ൽ ടിയാൻ നോട്ടീസ് കൈപ്പറ്റിയെങ്കിലും അപ്പീൽ കക്ഷി വിചാരണയ്ക്ക് ഹാജരായിട്ടില്ലാത്തതും, പ്രായാധിക്യത്താലും മറ്റും അവശനായതിനാൽ നേരിട്ട് യാത്ര ചെയ്ത് ഹാജരാകാൻ സാധ്യമല്ലാത്തതിനാൽ 23/08/2017-ലെ വിചാരണയ്ക്ക് ഹാജരാകാൻ കഴിയില്ലെന്നും പ്രസ്തുത രേഖകൾ എത്രയും വേഗം അയച്ചു തരണമെന്നും കാണിച്ച് 21/08/2017 പ്രകാരം അപ്പീൽ അധികാരിയ്ക്ക് അപേക്ഷ അയച്ചു നൽകുകയും, 25/08/2017-ലെ കത്ത് പ്രകാരം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിക്കാർഡുകൾ കക്ഷിയ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകാൻ കഴിഞ്ഞിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ 15/06/2017-ന് കത്ത് നൽകിയതായി രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും, 25/08/2017-ന് അയച്ച അപ്പീൽ തീർപ്പാക്കിയ ഉത്തരവും രേഖകളുടെ പകർപ്പും ഒരാഴ്ച്ചക്കുള്ളിൽ അയച്ചു കൊടുക്കണമെന്നും ടി വിവരം കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 07-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)